Draft #1 of File 46497/AD B1/1/2019/AD B 1 Approved by ASSISTANT REGISTRAR II (ADMIN) on 03-Dec-2019 02:05 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാല കാര്യാലയം 2018 -2019 സാമ്പത്തികവർഷം സർവകലാശാലയിൽ നിന്നും ഭവന നിർമ്മാണ വായ്പ്പ എടുത്തിട്ടുള്ള ജീവനക്കാർക്ക് 5 % സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം ബി 1 സെക്ഷൻ**

നമ്പർ. 6169/AD B 1/2019/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 03.12.2019

---

പരാമർശം:-1.യു.ഒ.നം.666/ ബി1/2/എസ്.ഡി/2018/ഭരണം തീയതി 31.01.2018
2.16/11.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ
മിനുട്സ് ഇനം നം .97/19.06/190395

**ഉത്തരവ്**

സർവകലാശാലയിൽ നിന്നും ഭവന നിർമ്മാണ വായ്പ്പ എടുത്തിട്ടുള്ള ജീവനക്കാർ വായ്പ്പക്കു ജാമ്യമായി പുതിയതായി നിർമ്മിക്കുന്ന വീടും പുരയിടവും രജിസ്ട്രാറുടെ പേരിൽ ഒറ്റിയാധാരം ചെയ്തു കൊടുക്കേണ്ടതുണ്ട്. ഒറ്റിയാധാരം നടത്തുന്നതുമായി ബന്ധപ്പെട്ട് 5% സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ അവർ ചിലവഴിക്കുന്ന തുക കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1 ലെ ആർട്ടിക്കിൾ 244 സി (xxv) പ്രകാരം അവർക്കു തിരിച്ചു നല്കപ്പെടുകയും ചെയ്യുന്നു. പരാമർശം (1) പ്രകാരം 2016-2017 സാമ്പത്തികവർഷം മുതൽ സർവകലാശാലയിൽ നിന്നും ഭവന നിർമ്മാണ വായ്പ്പ എടുത്തിട്ടുള്ള ജീവനക്കാർക്ക് 5% സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നല്കുന്ന കാര്യത്തിൽ കേരള സർവകലാശാലയിലെ രീതി ഇവിടെയും തുടരുവാൻ തീരുമാനിക്കുകയും തദനുസരണം 2016 -17 , 2017 -18 സാമ്പത്തിക വർഷങ്ങളിൽ ഭവന വായ്പ്പ എടുത്ത ജീവനക്കാർക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ അവർക്കു ചിലവായ തുക തിരിച്ചു നൽകുകയും ചെയ്തു.

2018 -2019 സാമ്പത്തികവർഷം സർവകലാശാലയിൽ നിന്നും ഭവന നിർമ്മാണ വായ്പ്പ എടുത്ത ഒൻപത് ജീവനക്കാർ ഒറ്റിയാധാരം നടത്തുവാൻ മുദ്രപത്രം വാങ്ങുവാൻ വേണ്ടി സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ അവർക്കു ചിലവായ തുക (മൊത്തം 7,91,000/- രൂപ ) തിരികെ നല്കണമെന്ന് അപേക്ഷിക്കുകയും 14/11/2019 ലെ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം ഈ വിഷയം സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുകയും ചെയ്തു.

16.11.2019 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (2 ) പ്രകാരം 2018 -2019 സാമ്പത്തികവർഷം ഭവന നിർമ്മാണ വായ്പ്പ എടുത്തിട്ടുള്ള ജീവനക്കാർക്ക് രജിസ്ട്രേഷൻ ഫീസിനത്തിൽ ചെലവഴിച്ച 5% സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്നതിന് തീരുമാനിച്ചു. ഇതിനായി സർവകലാശാലയിലെ ഒൻപത് ജീവനക്കാർ ചെലവഴിച്ച ₹ 7,91,000/- (ഏഴു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം രൂപ ) സർവകലാശാല ഉത്തരവ് നമ്പർ.666/ ബി1/2/എസ്.ഡി/2018/ഭരണം തീയതി 31.01.2018 പ്രകാരം തിരികെ നൽകുന്നതിനും ടി തുക നടപ്പു സാമ്പത്തിക വർഷ ബജറ്റിലെ "22 101 17-other expenses" എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഹാരീസ് പി വൈ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1.ബന്ധപ്പെട്ട വ്യക്തികൾ
2. വി.സി./ പി.വി.സി. യുടെ പി.എസ്.
3 .രജിസ്ട്രാർ /എഫ്.ഒ .യുടെ പി.എ.
4 .എ.ഡി.ഡി.സെക്ഷൻ
5 .ജനറൽ ക്യാഷ് സെക്ഷൻ
6 ഓഡിറ്റ്।
7 ഫിനാൻസ്।
8 റെക്കോർഡ് സെക്ഷൻ
9 സ്റ്റോക്ക് ഫയൽ
10 ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 46497/AD B1/1/2019/AD B 1 Approved by ASSISTANT REGISTRAR II (ADMIN) on 03-Dec-2019 02:05 PM - Page 2